# ഊർജ സംരക്ഷണ അവാർഡ്: അപേക്ഷിക്കാം

തിരുവനന്തപുരം● എനർജി മാനേജ്മെന്റ് സെന്റർ ഊർജ സംരക്ഷണ അവാർഡിന് അപേക്ഷ ക്ഷണിച്ചു. വൻകിട ഊർജ ഉപഭോക്താക്കൾ, ഇടത്തരം, ചെറുകിട ഉപഭോക്താക്കൾ, കെട്ടിടങ്ങൾ, വ്യക്തികൾ, സംഘടനകളും സ്ഥാപനങ്ങളും, ചില്ലറ വിൽപ്പനക്കാർ/വ്യാപാര ശാലകൾ, ആർക്കിടെക്ടുകൾ/ഗ്രീൻ ബിൽഡിങ് കൺസൾട്ടന്റുമാർ എന്നിങ്ങനെ വിഭാഗങ്ങളിലാണ് അവാർഡ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫോമിനും www.keralaenergy.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. പൂരിപ്പിച്ച അപേക്ഷ ഒക്ടോബർ 15നകം ഓൺലൈനായോ ഇ-മെയിൽ വഴിയോ സമർപ്പിക്കണം. (ecawardsemc@gmail.com, ecaward@keralaenergy.gov.in).

## ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

**തിരുവനന്തപുരം** ▸ എനർജി മാനേജ്മെൻറ് സെൻറർ ശനിയാഴ്ച മുതൽ 'പകൽവെളിച്ചം, കൃത്രിമ വെളിച്ചം, കാഴ്ചസുഖം' എന്ന വിഷയത്തിൽ മൂന്നുദിവസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. എൻജിനീയറിങ് ബിരുദ ബിരുദാനന്തര വിദ്യാർഥികൾ, ഗവേഷകർ, ഒപ്റ്റിക്കൽ സയൻസ് വിദ്യാർഥികൾ, ലൈറ്റിങ് മേഖലയിൽ ജോലിചെയ്യുന്നവർ എന്നിവർക്കായാണ് കോഴ്സ്. വിവിധ ലൈറ്റിങ് വിഷയങ്ങളിൽ മോഡലിങ് സിമുലേഷൻ സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള ക്ലാസുകൾ ഉണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് 9400068320, www.keralaenergy.gov.in.

# ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്

**തിരുവനന്തപുരം**

എനർജി മാനേജ്മെന്റ് സെന്റർ സെപ്തംബർ 19 മുതൽ 'പകൽവെളിച്ചം, കൃത്രിമ വെളിച്ചം' എന്ന വിഷയത്തിൽ മൂന്നുദിവസത്തെ ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തും. എൻജിനിയറിങ് വിദ്യാർഥികൾ, ഗവേഷകർ, ഓപ്റ്റിക്കൽ സയൻസ് വിദ്യാർഥികൾ, വെളിച്ച സാങ്കേതികമേഖലയിൽ ജോലി ചെയ്യുന്നവർ എന്നിവർക്കാണ് കോഴ്സ്. ഫോൺ: 9400068320, www.keralaenergy.gov.in.